യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
നല്ല ആളുകൾ, നല്ല ബാങ്ക്

Union Bank of India
Good people to bank with

ജില്ലയിലെ ലീഡ് ബാങ്ക്

# കിസാൻ ക്രെഡിറ്റ് കാർഡ് (KCC) സംബന്ധിച്ചുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ

1. ഇതൊരു ബാങ്ക് വായ്പയാണ്. കൃഷിഭൂമിയുള്ള ഏതൊരു കർഷകനും കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം.
2. ഓരോ വിളയ്ക്കും നിജപ്പെടുത്തിയിട്ടുള്ള ഉൽപ്പാദനവായ്പ്പാതോത് (Scale of Finance) അടിസ്ഥാനപ്പെടുത്തിയാണ് വായ്പ ലഭ്യമാക്കുക.
3. കൃഷി സ്ഥലത്തിന്റെ വിസ്തൃതി, കൃഷിചെയ്യുന്ന വിള, അനുബന്ധ പ്രവർത്തനങ്ങൾ കാർഷിക യന്ത്രങ്ങളുടെ പരിപാലനം, ഉപഭോഗ ആവശ്യങ്ങൾ, കാർഷികേതര മേഖല പ്രവർത്തനങ്ങൾ എന്നീ പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തനമൂലധനം തുടങ്ങിയ ആവശ്യങ്ങൾ പരിഗണിച്ചാണ് തുക നിശ്ചയിക്കുന്നത്. കൂടാതെ ഇപ്പോൾ മൃഗ സംരക്ഷണം (ആട്, പശു, കോഴി, പന്നി വളർത്തൽ) ഉൾനാടൻ മത്സ്യബന്ധനം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾകൂടി കിസാൻ ക്രെഡിറ്റ് കാർഡ് പരിധി / ഉപ പരിധിയിൽ ഉൾപ്പെടുത്താം.
4. ഒരു ലക്ഷത്തി അറുപതിനായിരം രൂപ വരെയുള്ള കൃഷി വായ്പകൾക്ക് പ്രത്യേകിച്ച് ഈട് നൽകേണ്ടതില്ല. ഇതിന് കൃഷി സ്ഥലത്തുള്ള വിള മാത്രം ഈടായി നൽകിയാൽ മതിയാകും.
5. ഒരു ലക്ഷത്തി അറുപതിനായിരം രൂപയ്ക്ക് മേലുള്ള വായ്പകൾക്ക് മതിയായ വിലയ്ക്കുള്ള വസ്തു ഈടായി നൽകേണ്ടതാണ്.
6. മൂന്ന് ലക്ഷം രൂപ വരെ പരമാവധി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കും. വായ്പ സമയ പരിധിക്കുള്ളിൽ കൃത്യമായി തിരിച്ചടച്ചാൽ നിബന്ധനകൾക്ക് വിധേയമായി കൂടുതൽ പലിശ ഇളവുകൾ ലഭ്യമാണ്.
7. തന്നാണ്ടിൽ എടുത്തിട്ടുള്ള തുക പലിശ സഹിതം ഒരു വർഷത്തിനുള്ളിൽ ഒന്നായോ ഗഡുക്കളായോ അടച്ചിരിക്കണം. ഹ്രസ്വകാല വിളകൾക്ക് 12 മാസത്തിനുള്ളിലും, ദീർഘകാല വിളകൾക്ക് 18 മാസത്തിനുള്ളിലും പണം തിരിച്ചടക്കേണ്ടതാണ്.
8. പരിധി/ഉപപരിധിയുടെ ഉള്ളിൽ ക്രെഡിറ്റ് കാർഡ് വഴി എത്ര പ്രാവശ്യം വേണമെങ്കിലും പണമെടുക്കാനും തിരിച്ചടക്കുവാനും സാധിക്കും.
9. ആവശ്യമുള്ളപ്പോൾ മാത്രം പണം എടുക്കുന്നതു മുഖേന പലിശ ലാഭിക്കാം.
10. വാർഷിക അവലോകനത്തിന് വിധേയമായി കാർഡിന്റെ കാലാവധി 5 വർഷം ആയിരിക്കും.
11. വർഷത്തിലൊരിക്കൽ വായ്പ ഇടപാടുകളെ അവലോകനം ചെയ്ത് വായ്പാ വിനിയോഗത്തിന്റെയും വരവുചിലവിന്റെയും അടിസ്ഥാനത്തിൽ വായ്പാത്തോത് ക്രമീകരിക്കുന്നതിനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്.
12. പലിശ നിരക്ക് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്.
13. വിജ്ഞാപിത പ്രദേശങ്ങളിലുള്ള വിജ്ഞാപിത വിളകൾക്ക് ഇൻഷൂറൻസ് പദ്ധതിയും ലഭ്യമാണ്. വിളകൾ ഇൻഷൂർ ചെയ്യേണ്ടത് നിർബന്ധമാണ്.
14. കാർഡിനായുള്ള ഏകീകൃത അപേക്ഷാ ഫോമുകൾ അപേക്ഷകന്റെ സേവനമേഖലാ ബാങ്കിൽ നിന്നോ കൃഷി ഭവനിൽ നിന്നോ ലഭ്യമാണ്.

പ്രസ്തുത വായ്പയെപ്പറ്റി കൂടുതലറിയാൻ കർഷകൻ അടുത്തുള്ള വാണിജ്യ/ഗ്രാമീണ/സഹകരണ ബാങ്കിനേയോ, കൃഷി ഭവനെയോ അതാത് ബ്ലോക്കിലെ സാമ്പത്തിക സാക്ഷരത ഉപദേഷ്ടാവിനേയോ (Financial Literacy Councilor - FLC) സമീപിക്കേണ്ടതാണ്.

**ജനങ്ങളുടെ താൽപര്യാർത്ഥം ലീഡ് ബാങ്ക് പ്രസിദ്ധീകരിക്കുന്നത്.**